**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2939** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ആശ്വാസമായി നിശ്ചിത തുക നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 4,500 രൂപ അനുവദിക്കുന്നുണ്ട്. ഇതിൽ 3000 രൂപ സർക്കാർ ധനസഹായമാണ്. |
| (ബി) | കോവിഡ്, ലോക്ക്ഡൗൺ, ഇന്ധന വിലവർദ്ധനവ് അടക്കമുള്ള പ്രതിസന്ധികളിൽപ്പെട്ട് ഉപജീവനം പ്രതിസന്ധിയിലായ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ആശ്വാസ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കാനും നിലവിൽ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | മത്സ്യബോർഡ് മുഖേന 2021-22 വർഷം കോവിഡ് -19 രണ്ടാം തരംഗം മൂലം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ ത്തൊഴിലാളികൾക്കുമുണ്ടായ തൊഴിൽ നഷ്ടം മൂലമുള്ള സാമ്പത്തിക നഷ്ടം ലഘൂകരിക്കുന്നതിന് കേരള മത്സ്യ ത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ ത്തൊഴിലാളികൾക്കും 1000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ